**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**

**വഞ്ചിയൂർ.പി.ഒ., തിരുവനന്തപുരം. പിൻ - 695035**

**ഫോൺ: 0471 2302490 ഫാക്സ് :0471 2303025/2303080**

ഇ-മെയിൽ: dhskerala@gmail.com വെബ്സൈറ്റ്: www.dhs.kerala.gov.in

---

നം: DHS/19727/2024-MSA2 തീയതി: 29-08-2024

സ്വീകർത്താവ്,

ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം)
തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ
കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്
മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ്.

സർ,

വിഷയം:- ആവഡ-ഇന്ത്യാ ഗവൺമെന്റ് ഗസറ്റ് നോട്ടിഫിക്കേഷൻ പ്രകാരം നിരോധിച്ച FDC യിൽ ഉൾപ്പെട്ട മരുന്നുകളുടെ ഉപയോഗവും,വിതരണവും നിർത്തിവയ്ക്കുന്നതിന് നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്:-

സൂചന:- 1.Extra Ordinary Gazette Notification No.3125 Dated:12/08/2024
2സ്റ്റോഴ്സ് ഓഫീസറുടെ സമർപ്പണം 26/08/2024

മേൽ സൂചന പ്രകാരം ഇന്ത്യാ ഗവൺമെന്റ് 156 Fixed Drug Combination മരുന്നുകൾ നിരോധിച്ചിട്ടുണ്ട്. EDL KMSCL വഴി സ്ഥാപനങ്ങളിൽ വിതരണം ചെയ്യുന്ന Mixt.Eepectorant (DC:Do3009), Mixt.Carminative (DC: D 20013) എന്നിവ നിരോധിച്ച FDC യിൽ ഉൾപ്പെട്ടിട്ടുണ്ട്. ആയതിനാൽ പ്രസ്തുത മരുന്നുകളുടെ വിതരണവും, ഉപയോഗവും അടിയന്തിരമായി നിർത്തിവയ്ക്കുന്നതിനുള്ള നിർദ്ദേശം എല്ലാ ആരോഗ്യ സ്ഥാപനങ്ങളെയും അറിയിച്ച് തുടർനടപടി സ്വീകരിക്കുന്നതിനായി സൂചന കത്തിൻ്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു

വിശ്വസ്തതയോടെ

ഡോ.നന്ദകുമാർ.കെ.വി
അഡീഷണൽ ഡയറക്ടർ(മെഡിക്കൽ
& ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ)
ആരോഗ്യവകുപ്പ് ഡയറക്ടർക്ക് വേണ്ടി

Signed by
Nandakumar.k.v
Date: 29-08-2024 18:43:41

ADDITIONAL DIRECTOR (MEDICAL AND HOSPITAL ADMINISTRATION)

ഉള്ളടക്കം:

1. സൂചന കത്ത്

**വളരെ അടിയന്തരം**

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

ആരോഗ്യ കുടുംബക്ഷേമ(എൻ) വകുപ്പ്

നമ്പർ.HFW-N2/477/2024-Health 09-05-2025,തിരുവനന്തപുരം

പ്രേഷകൻ

അഡീഷണൽ ചീഫ് സെക്രട്ടറി

സ്വീകർത്താവ്

ആരോഗ്യ വകുപ്പ് ഡയറക്ടർ

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ

സർ,

വിഷയം:- ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - കേന്ദ്ര ഗവൺമെന്റ് നോട്ടിഫിക്കേഷൻ പ്രകാരം നിരോധിച്ച മരുന്നുകൾ, ബഹു.ഹക്കോടതിയുടെ WP(C) 32556/2024 നം.കേസിലെ ഇടക്കാല ഉത്തരവിന്റെ വെളിച്ചത്തിൽ വിതരണം ചെയ്യുന്നതിന് അനുമതി നൽകണമെന്ന ആവശ്യം - സംബന്ധിച്ച്

സൂചന:- 1.കേന്ദ്ര സർക്കാരിന്റെ 12.08.2024 ലെ വിജ്ഞാപനം.

2.ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 08.12.2024, 03.04.2025 തീയതികളിലെ DHS/27608/2024-MSA2 നം.കത്ത്.

3.കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ മാനേജിംഗ് ഡയറക്ടറുടെ 09.01.2025 ലെ KMSCL/QC/158222/2024 നം.കത്ത്.

4.കേരള ഗവ.ഫാർമസിസ്റ്റ് അസോസിയേഷൻ സമർപ്പിച്ച 23.01.2025 ലെ നിവേദനം.

5.ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ 27.03.2025 ലെ DC/1477/2025-L നം.കത്ത്.

6.മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 29.03.2025 ലെ സി3/2097/2025/മെ.വി.വ. നം. കത്ത്.

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. Mixture Carminative (Drug code D 20013, Mixture Expectorant (Drug code D 03009) എന്നീ മരുന്നുകളിലെ പല ഘടകങ്ങളും മനുഷ്യരിലെ ആന്തരിക ഉപയോഗത്തിന് സുരക്ഷിതമല്ല എന്ന് expert committee-യുടെയും Drug Technical advisory board-ന്റെയും നിർദേശം ലഭ്യമായതിനാലാണ് പ്രസ്തുത മരുന്നുകൾ കേന്ദ്ര സർക്കാർ വിജ്ഞാപന പ്രകാരം നിരോധിക്കപ്പെട്ടത്. Liquid Oral formulation ആയത് കൊണ്ട് രോഗികൾ അമിത അളവിൽ ഇത് ഉപയോഗിക്കാൻ സാധ്യത ഏറെയാണ്. പ്രസ്തുത മരുന്നുകൾ നിലവിൽ ഒരു രോഗത്തിന്റെയും drug of choice അല്ലാത്തതിനാലും ഇവയേക്കാൾ

സുരക്ഷിതമായ മറ്റ് മരുന്നുകൾ ലഭ്യമായതിനാലും ആണ് ഇവ നിരോധിക്കപ്പെട്ടത്. ആയതിനാൽ മനുഷ്യരിലെ ഉപയോഗത്തിന് സുരക്ഷിതമല്ല എന്ന് കണ്ടെത്തിയിട്ടുള്ളതും കേന്ദ്ര സർക്കാർ വിജ്ഞാപന പ്രകാരം നിരോധിക്കപ്പെട്ടിട്ടുള്ളതുമായ പ്രസ്തുത മരുന്നുകൾ ആശുപത്രികളിൽ നിന്ന് രോഗികൾക്ക് വിതരണം ചെയ്യേണ്ടതില്ല എന്ന് നിർദ്ദേശിക്കുന്നു.

വിശ്വസ്തതയോടെ,
BINDU O
അണ്ടർ സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ
Signed by
Nycy S
സെക്ഷൻ ഓഫീസർ
Date: 09-05-2025 16:00:51